**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. **2954** 22.06.2012-ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ്: | ശ്രീ. മഞ്ഞളാംകുഴി അലി<br>(മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ പ്രവർത്തനം പൂർണ്ണതോതിൽ നടക്കുന്നുണ്ടോ; വകുപ്പിൽ ആവശ്യത്തിനുള്ള ജീവനക്കാരും ആയതിന്റെ എസ്റ്റാബ്ലിഷ്മെന്റും ആയിട്ടുണ്ടോ; ഇപ്പോൾ ഇതിന്റെ ആസ്ഥാനം എവിടെയാണ്; എല്ലാ ജില്ലകളിലും ജില്ലാ ആഫീസുകൾ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. വകുപ്പിൽ ആവശ്യത്തിനുള്ള ജീവനക്കാരും ആയതിന്റെ എസ്റ്റാബ്ലിഷ്മെന്റും ആയിട്ടുണ്ട്. തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് ജില്ലാ ഓഫീസുകൾ നിലവിലില്ല. എന്നാൽ ന്യൂനപക്ഷക്ഷേമം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ബന്ധപ്പെട്ട ഗുണഭോക്താക്കളിൽ എത്തിക്കുവാനുതകുന്ന രൂപത്തിൽ എല്ലാ ജില്ലാ കളക്ടറേറ്റുകളിലും ന്യൂനപക്ഷ സെക്ഷൻ രൂപീകരിച്ചിട്ടുണ്ട്. |
| (ബി) ഈ വർഷം എത്ര തുക ഈ വകുപ്പിന്റെ പ്രവർത്തനത്തിനായി നീക്കിവച്ചിട്ടുണ്ടെന്നുള്ള വിവരം നൽകുമോ; | (ബി) 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്ലാൻ ശീർഷകത്തിൽ 77 കോടി രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 13.850 കോടി രൂപയും ന്യൂനപക്ഷ ക്ഷേമ വകുപ്പിനായി വകയിരുത്തിയിട്ടുണ്ട്. |
| (സി) അപേക്ഷകർ എവിടെയാണ് അപേക്ഷകൾ നൽകേണ്ടത്; | (സി) ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്കുള്ള അപേക്ഷകൾ ഡയറക്ടർ, ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ്, ടി.സി. 28/1066, അദ്ധ്യാപക ഭവൻ ലെയിൻ, എം.ഇ.എസ്, സെന്റർ, സെക്രട്ടേറിയറ്റിന് കിഴക്കുവശം, തിരുവനന്തപുരം -1 എന്ന വിലാസത്തിൽ നൽകാവുന്നതാണ്. |
| (ഡി) പ്രസ്തുത വകുപ്പിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ? | (ഡി) ഈ വകുപ്പിന്റെ മുഴുവൻ പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിശദ വിവരങ്ങൾ ജനങ്ങളിലെത്തിക്കുവാൻ പര്യാപ്തമായ രീതിയിലുള്ള ഒരു വെബ് പോർട്ടൽ സ്ഥാപിക്കുന്നതിനുള്ള നടപടിയും ബ്രോഷർ മുഖേനയുള്ള പ്രചരണ പ്രവർത്തനങ്ങൾക്കുള്ള നടപടിയും സ്വീകരിച്ചു വരുന്നു. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ ഗുണഭോക്താക്കളിലെത്തിക്കുന്നതിന് പ്രൊമോട്ടർമാരെ നിയമിക്കുന്നതിനും ബോധവത്ക്കരണ ക്യാമ്പുകൾ നടത്തുന്നതിനുമുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ.**